**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6163** **17-03-2023 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ രംഗത്തെ രണ്ടാം പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച രണ്ടാം കയർ പുന:സംഘടന കയർ മേഖലയ്ക്ക് ഉണർവേകിയതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച രണ്ടാം കയർ പുന:സംഘടന പദ്ധതി കയർമേഖലയ്ക്ക് ഉണർവേകിയിട്ടുണ്ട്. സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചു കൊണ്ട് കാലാനുസൃതമായ യന്ത്രവത്ക്കരണ ത്തിലൂടെയും ഉല്പന്ന വൈവിദ്ധ്യവത്ക്കരണ ത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപന ങ്ങളുടെയും പശ്ചാത്തല വികസനവും യന്ത്രവത്ക്കരണവും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഡീഫൈബറിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഫലമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്തെ 7 ജില്ലകളിൽ കയർ ഭൂവസ്ത്രം വിപണനം ചെയ്തു വരുന്നുണ്ട്.<br><br>കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും, കേരളത്തിന് പുറത്ത് തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ഡിസ്ട്രിബ്യൂട്ടർ വഴിയും, കയർ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ നിലവിലുള്ള ഷോറൂമുകൾ, സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപ്പനശാലകൾ വഴിയും വിശാൽ മെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീടെയ്ൽസ് എന്നീ ചെയ്ൻ സ്റ്റോറുകൾ വഴിയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്. |
| (ബി) | 2016 മുതൽ 2022 വരെ കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ-കയറുല്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | 2016 മുതൽ 2022 വരെ കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ-കയറുല്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>കേരള സംസ്ഥാന കയർ കോർപ്പറേഷൻ - 79.38 കോടി രൂപ<br><br>കയർഫെഡ് - 1.20 കോടി രൂപ<br><br>ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് - 1.26 കോടി രൂപ |
| (സി) | 13-ാം പദ്ധതി കാലത്ത് കയർ മേഖലയ്ക്കായി നീക്കി വച്ച തുക എത്രയാണെന്നും 14-ാം പദ്ധതി കാലത്ത് വകയിരുത്താനായി എത്ര തുക ആവശ്യപ്പെടാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | പതിമൂന്നാം പദ്ധതി (2017-22) കാലത്ത് കയർ മേഖലയ്ക്ക് വകയിരുത്തിയ തുക 109228 ലക്ഷം രൂപയാണ്.<br><br>പതിനാലാം പദ്ധതി (2022-27) കാലത്തേക്ക് കയർ മേഖലയ്ക്ക് 84885.68 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിരിക്കുന്നത്. |
| (ഡി) | കയർ മേഖലയെ യന്ത്രവൽക്കരിക്കുന്നതിന് കഴിഞ്ഞ സർക്കാരും തുടർന്ന് ഈ സർക്കാരും നടത്തിയ ഇടപെടലും പ്രസ്തുത ഇടപെടലുകളുടെ ഫലങ്ങളും വിശദമാക്കാമോ; | (ഡി) | കയർ മേഖലയെ യന്ത്രവത്ക്കരിക്കുന്നതിന്റെ ഭാഗമായി രണ്ടാം പുനസംഘടനയിൽ ഉൾപ്പെടുത്തി ഫൈബർ മേഖലയിൽ ഡീ-ഫൈബറിംഗ് മില്ലുകളും കയർ പിരി മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംങ് മെഷീൻ (എ.എസ്.എം), ഇ-റാട്ട് എന്നിവ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. ഇത് പ്രകാരം നാളിതുവരെ 137 ഡീഫൈബറിംഗ് മില്ലുകൾ, 1499 ഓട്ടോമാറ്റിക് സ്പിന്നിംങ് മെഷീൻ, 26000 ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (ഇ) | വ്യാവസായിക കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം കഴിഞ്ഞ സർക്കാരിന്റെ കാലത്തും തുടർന്നും എത്രമാത്രം പ്രായോഗികമായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി കയർഫെഡ് വ്യവസായിക അടിസ്ഥാനത്തിൽ ചകിരിച്ചോറിൽ നിന്നും ഉല്പാദിപ്പിക്കുന്ന കൊക്കോഫെർട്ട് എന്ന ജൈവവളം വിപണിയിലെത്തിച്ചിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണത്തിന് ചകിരിച്ചോറിൽ നിന്നുമുള്ള ഇനോകുലേറ്റഡ് പിത്ത് ഉല്പാദിപ്പിക്കുന്നുണ്ട്.<br><br>കയർ കോർപ്പറേഷന്റെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബേപ്പൂർ ഡിവിഷനിൽ നൂതന സംവിധാനങ്ങളുള്ള 10 സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ബേപ്പൂർ ഡിവിഷനിലും കണിച്ചുകുളങ്ങര ഡിവിഷനിലും ഓട്ടോഫീഡർ സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ഉയർന്ന നിലവാരത്തിലുള്ള മെത്തകൾ ഉൽപ്പാദിപ്പിക്കുന്നതിന് കയർമാട്രസ് ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിച്ച് ട്രയൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ